File No.HEALTH-S1/29/2020-HEALTH

18 MAR 2020

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്- ജീവനക്കാര്യം- ഡോ.ശിഹാബ്.കെ.കെ, ജൂനിയർ കൺസൾട്ടന്റ്, വടകര ജില്ലാ ആശുപത്രി,, കോഴിക്കോട്- മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ മാനസികരോഗ വിഭാഗം സീനിയർ റസിഡന്റ് തസ്തികയിലെ അന്യത്ര സേവന കാലം ദീർഘിപ്പിച്ച് നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

**സ.ഉ.(സാധാ) നം.450/2020/ആ.കു.വ** തീയതി,തിരുവനന്തപുരം, 29/02/2020

---

പരാമർശം:- 1 സ.ഉ. (പി) നം.45/2013/ധന തീയതി 22.01.2013

2 സ.ഉ.(സാധാ)നം.3683/2017/ആ.കു.വ തീയതി 29.12.2017

3 സ.ഉ.(സാധാ)നം.1026/2019/ആ.കു.വ തീയതി 03.05.2019

4 ആരോഗ്യ വകുപ്പ് ഡയറക്ടറുടെ-23.11.2019ലെ ഇ.എ 6/90798/19ആ.വ.ഡ നമ്പർ കത്ത്.

5 മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 03.01.2020-ലെ എൻ .സി /27210/2017/ഡി.എം.ഇ നമ്പർ കത്ത്.

**ഉത്തരവ്**

ആരോഗ്യ വകുപ്പിന് കീഴിൽ വടകര ജില്ലാ ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റായ ഡോ.ശിഹാബ്.കെ.കെ-യ്ക്ക് പരാമർശം 2 പ്രകാരം മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ മാനസിക രോഗ വിഭാഗം സീനിയർ റസിഡന്റായി ഒരു വർഷത്തേക്ക് അന്യത്ര സേവനം അനുവദിച്ച് ഉത്തരവായിരുന്നു. പരാമർശം(3) പ്രകാരം പ്രസ്തുത അന്യത്ര സേവനകാലം ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകിയിരുന്നു. ടിയാന്റെ നിലവിലെ അന്യത്ര സേവനം 19.04.2020-അപരാഹ്നം പൂർത്തിയാകുമെന്നിരിക്കെ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നതിനായുള്ള ടിയാന്റെ അപേക്ഷ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശം 5 പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിലെ മാനസിക രോഗ വിഭാഗത്തിൽ ഡോക്ടർമാരുടെ അഭാവം പരിഹരിക്കുന്നതിനായി ഡോ.ശിഹാബ്.കെ.കെ-യുടെ ഡെപ്യൂട്ടേഷൻ ഒരു വർഷത്തേക്കോ അല്ലെങ്കിൽ ബോണ്ട് പ്രകാരം മാനസിക

രോഗ വിഭാഗം സീനിയർ റസിഡന്റ് തസ്തികയിൽ ഉദ്യോഗാർത്ഥികൾ ജോയിൻ ചെയ്യുന്നത് വരെയോ ഇതിലേതാണോ ആദ്യം അത് വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണെന്ന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ശിപാർശയിൽ വ്യക്തമാക്കുകയുണ്ടായി. ടിയാന്റെ സേവനം ഒരു വർഷത്തേക്ക് കൂടി വിട്ടു നൽകുന്നതിന് യാതൊരു തടസ്സവുമില്ലായെന്ന് മാതൃവകുപ്പും പരാമർശം (4)പ്രകാരം അറിയിച്ചിട്ടുണ്ട്.

2.) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡോ.ശിഹാബ്.കെ.കെ-യുടെ മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് മാനസിക രോഗ വിഭാഗം സീനിയർ റസിഡന്റ് തസ്തികയിലെ അന്യത്ര സേവനം നിലവിലുള്ള അന്യത്ര സേവന വ്യവസ്ഥകൾക്കും കെ.എസ്.ആർ ഭാഗം 1 ചട്ടം 140(c)-ലെ നിബന്ധനകൾക്കും വിധേയമായി 20.04.2020-പൂർവ്വാഹ്നം മുതൽ ഒരു വർഷത്തേക്കോ അല്ലെങ്കിൽ ബോണ്ട് പ്രകാരം മാനസിക രോഗ വിഭാഗം സീനിയർ റസിഡന്റ് തസ്തികയിൽ ഉദ്യോഗാർത്ഥികൾ ജോയിൻ ചെയ്യുന്നത് വരെയോ ഇതിലേതാണോ ആദ്യം അത് വരെ ദീർഘിപ്പിച്ചു നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

3.) അന്യത്ര സേവന കാലയളവിൽ തുടരുമ്പോൾ ഡോ.ശിഹാബ്.കെ.കെ-യ്ക്ക് മാതൃ വകുപ്പിലെ ശമ്പളത്തിന് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ. അനുമതിയില്ലാതെ അന്യത്ര സേവനവ്യവസ്ഥയിൽ തുടരുന്നത് കെ.എസ്സ്.ആർ ഭാഗം 1 ചട്ടം 140(C) പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് കാരണമാകുന്നതും, ഇക്കാലയളവിൽ അർഹമാകുന്ന ഇൻക്രിമെന്റ് മാതൃവകുപ്പിൽ തിരികെ പ്രവേശിക്കുന്നതുവരെ സഞ്ചിത ഫലത്തോടെ മാറ്റിവെയ്ക്കപ്പെടുന്നതും, ഇക്കാലയളവ് പെൻഷൻ ആനുകൂല്യങ്ങൾക്കായി കണക്കാക്കുകയോ മുൻകാല പ്രാബല്യത്തോടെ ക്രമീകരിച്ചു നൽകുകയോ ചെയ്യുന്നതുമല്ല. കൂടാതെ നിലവിലെ അന്യത്ര സേവന കാലയളവ് അവസാനിച്ചു കഴിഞ്ഞും അനുമതിയില്ലാതെ തുടർന്നാൽ ശമ്പളവും മറ്റു ആനുകൂല്യങ്ങളും കൈപ്പറ്റുന്നത് തടയപ്പെടുന്നതുമാണ്. ഡെപ്യൂട്ടേഷൻ ദീർഘിപ്പിച്ച് ഉത്തരവാകാത്ത പക്ഷം അനുവദിച്ച അന്യത്ര സേവനകാലം അവസാനിക്കുന്ന മുറയ്ക്ക് ഡോ.ശിഹാബ്.കെ.കെ-യെ വിടുതൽ ചെയ്ത് മാതൃവകുപ്പിലേക്ക് തിരിച്ചയയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മനു.ബി**

**അഡിഷണൽ സെക്രട്ടറി**

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ആരോഗ്യ വകുപ്പ് ഡയറക്ടർ ,തിരുവനന്തപുരം

ഡോ.ശിഹാബ്.കെ.കെ, സീനിയർ റസിഡന്റ്(ഡെപ്യൂട്ടേഷൻ), മാനസികരോഗ വിഭാഗം മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ്.

പ്രിൻസിപ്പാൾ, ഗവ. മെഡിക്കൽ കോളേജ്, മഞ്ചേരി.

File No.HEALTH-S1/29/2020-HEALTH

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള , തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി., സെക്രട്ടേറിയറ്റ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി .

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അറിവിലേക്കും അനന്തര നടപടികൾക്കുമായി ...

19/3/2020